**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല — മാങ്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. മദനമോഹനനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.701/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 14.03.2018

==========================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.06.2013-ലെ സി6(വിസി1/11/ഐടികെ) 17183/2011 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 05.09.2013-ലെ 8075/ഡി3/2011/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 14.01.2015-ലെ 63862/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. വി. മദനമോഹനൻ സമർപ്പിച്ച 04.04.2015-ലെ പ്രതിവാദപത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 11.07.2017-ലെ ഡി8-12453/10 നമ്പർ കത്ത്
6. 30.07.2014 ലെ 63862/ഇപിബി2/13/തസ്വഭവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ച അന്വേഷണത്തിൽ മാങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. മദനമോഹനൻ ടി പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന 37,06,771/- രൂപ വിലയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി 13,67,561/- രൂപയ്ക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മറിച്ച് നല്കിയെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ടിയാനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു

താൻ 25/09/2006 മുതൽ 17/01/2007 വരെയാണ് ടി പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്നതെന്നും അതിന് മുമ്പുണ്ടായിരുന്ന സെക്രട്ടറി അന്നത്തെ ഭരണ സമിതിയുടെ അംഗീകാരത്തോടെയും സർക്കാർ അനുമതിയോടെയുമാണ് ടി പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചതെന്നും അതിന്റെ തുടർനടപടിയുടെ ഭാഗമായി കെ.എസ്.ഇ.ബി.യുമായി എഗ്രിമെന്റ് വച്ച് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജനയിൽ ഉൾപ്പെടുത്തി 13,67,561/- രൂപ കെ.എസ്.ഇ.ബി.യിൽ നിന്ന് വാങ്ങുകയും കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി നല്കുകയും ചെയ്തിരുന്നുവെന്നും മുൻ സെക്രട്ടറിയും ഭരണസമിതിയും സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കാനിരുന്ന മൈക്രോ ഹൈഡൽ പ്രോജക്ടാണ് താൻ നടപ്പിലാക്കിയതെന്നും ഇതു സംബന്ധിച്ച ഫയലുകളും മറ്റു രേഖകളും പഞ്ചായത്തിലേൽപ്പിച്ചിട്ടാണ് താൻ സ്ഥലം മാറിപ്പോയതെന്നും താൻ ചെയ്തത് ഒരു തുടർനടപടി മാത്രമാണെന്നും ടി പദ്ധതിയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി നല്കുന്നതിന് കണക്ഷൻ തുകപോലും ഈടാക്കാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ പൂർണ്ണ സമ്മതത്തോടുകൂടി 2004-05-ലാണ് ഈ പ്രോജക്ട് നടപ്പിലാക്കിയതെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ഈ പ്രോജക്ടിൽ ഒടുക്കിയിട്ടുണ്ടെന്നും 2004-05 ലെ ഡി.പി.സി. അംഗീകാരം ലഭിച്ച ശേഷം മാത്രമാണ് ഈ പ്രോജക്ട് നടപ്പിലാക്കിയതെന്നും സർക്കാർ നിശ്ചയിച്ച തുക മാത്രമാണ് കെ.എസ്.ഇ.ബി.യിൽനിന്ന് ഈടാക്കിയതെന്നും പണാപഹരണമോ നിയമവീഴ്ചയോ തന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും തന്റെ

നിരപരാധിത്വം മനസ്സിലാക്കി തനിക്കെതിരെയുള്ള നിയമ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി പ്രതിവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തിലെ ലോക്കൽഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം പാമ്പുംകയം ചെറുകിട ജലവൈദ്യുത പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻപ്രകാരം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 50 kw ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നതായി കാണുന്നുവെന്നും സ്റ്റീൽ ഇൻഡസ്ട്രീസ് ഓഫ് കേരള ലിമിറ്റഡ് മുഖേനെ പദ്ധതി നടപ്പിലാക്കുന്നതിനും പവർ ഹൗസ് സ്ഥാപിക്കുന്നതിനും പഞ്ചായത്ത് അനുമതി നല്കിയ ടേൺ കീ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 27/03/1999 ൽ കമ്പനിയുമായി ഉടമ്പടി ഒപ്പുവച്ചിട്ടുള്ളതായി ഫയലിൽനിന്ന് മനസ്സിലാക്കിയതായി ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 1999-2000 ൽ മൂന്നാർ പഞ്ചായത്തിൽനിന്ന് ലഭിച്ച 43.46 ലക്ഷം രൂപയും 2002 ൽ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 720142/- രൂപയും ചേർത്ത് 50.66 ലക്ഷം രൂപ കമ്പനിക്ക് മുൻകൂർ നല്കിയിരുന്നതും തുടർന്ന് കമ്പനി സമർപ്പിച്ച 67 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 100 kw ശേഷിയുള്ള തുടർപദ്ധതിക്ക് 31/03/2001 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കിയിട്ടുള്ളതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ പദ്ധതിയുടെ അനുബന്ധ പ്രവൃത്തിയായ വൈദ്യുതി വിതരണം നടപ്പിലാക്കി ഇ.എം.സി.യുടെ നിർദ്ദേശത്തിലും മേൽനോട്ടത്തിലും 11 കെ.വി. ലൈൻ, ട്രാൻസ്ഫോർമറുകൾ, ഹൈടെൻഷൻ-ലോടെൻഷൻ തുടങ്ങിയ സംവിധാനങ്ങൾ 28/10/2004 ൽ പവർ ബെസ്റ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വഴി 32,91,240/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു ആദ്യ ഘട്ടത്തിൽ 360 ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കുകയും ചെയ്തുവെന്നും മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 308/2005 ലെ നാലാം നമ്പർ യോഗ തീരുമാനപ്രകാരം 301 ഗുണഭോക്താക്കളെ അംഗീകരിക്കുകയും ടിയാളുകൾ അതനുസരിച്ച് ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ളതായും കണക്കാക്കാവുന്നതാണെന്നും RGGVY യിലെ മാർഗ്ഗനിർദ്ദേശത്തിലും ' providing electricity connection to Below Poverty Line (BPL) families free of charge എന്ന് വ്യക്തമായി പറയുന്നുണ്ടെന്നും വൈദ്യുതി വിതരണത്തിനായി പഞ്ചായത്ത് ഒരു സൊസൈറ്റി 1/6/2005 ൽ രൂപീകരിച്ചെങ്കിലും അത് പരാജയപ്പെട്ടുവെന്നും തുടർന്ന് 15/6/2005 ൽ പ്രിൻസിപ്പൽ സെക്രട്ടറി (പവർ )യുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ വിതരണ ശൃംഖലയ്ക്കായി സ്ഥാപിച്ച ലൈനുകളും മറ്റുപകരണങ്ങളും വൈദ്യുതി ബോർഡിന് കൈമാറുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിച്ചുവെന്നും ടി വൈദ്യുതി പദ്ധതി സ്ഥാപിച്ച സമയത്ത് ഉത്പാദിപ്പിച്ചിരുന്ന വൈദ്യുതി സ്ഥിരമായി വോൾട്ടേജ് ഇല്ലാതിരുന്നതും കെ.എസ്.ഇ.ബി. വിതരണം നടത്തുന്ന വൈദ്യുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ വൈദ്യുതി ബൾബുകളല്ലാതെ മറ്റുപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ പര്യാപ്തവുമല്ലായിരുന്നു. തത്സമയം കെ.എസ്.ഇ.ബി. മാങ്കുളം ഭാഗത്തേയ്ക്ക് വൈദ്യുതി ലൈൻ വലിക്കുകയും ഉപഭോക്താക്കൾ മെച്ചപ്പെട്ട കെ.എസ്.ഇ.ബി. കണക്ഷൻ എടുക്കുന്നതിന് താല്പര്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് പഞ്ചായത്തിന്റെ വൈദ്യുതിക്ക് ആവശ്യക്കാരില്ലാതെ വന്നതിനെത്തുടർന്ന് 12/10/2006 ൽ പഞ്ചായത്തിൽ സ്ഥാപിച്ച വൈദ്യുതി വിതരണ ശൃംഖല വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശ പ്രകാരം ടി വൈദ്യുതി നിലയത്തിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുതി ബോർഡിന്റെ നിലവാരത്തിലേയ്ക്ക് സിങ്ക്രണൈസ് ചെയ്തിട്ടില്ലായെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും 2012-13 വർഷത്തെ പഞ്ചായത്തിന്റെ പദ്ധതിയുൾപ്പെടുത്തി സിങ്ക്രണൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും വൈദ്യുതി ബോർഡിലേയ്ക്ക് വൈദ്യുതി നല്കുന്ന ഇനത്തിൽ പ്രതിവർഷം ഏകദേശം 12 ലക്ഷത്തോളം രൂപ പഞ്ചായത്തിന് വരവ് ലഭിച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ 15/6/2005 ൽ പ്രിൻസിപ്പൽ സെക്രട്ടറി (പവർ)യുടെ ചേംബറിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ച പ്രകാരം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വൈദ്യുതി വിതരണ ശൃംഖലയുടെ മൂല്യമായി വൈദ്യുതി ബോർഡ് 25,86,756/- രൂപയായി നിശ്ചയിച്ചിരുന്നു. വിതരണ ശൃംഖലയുടെ മൂല്യത്തിൽനിന്ന് വിതരണ ശൃംഖല കെ.എസ്.ഇ.ബി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ചെലവ് കഴിച്ച് 13,73,562/- രൂപ പഞ്ചായത്തിന് 07.07.2009-ൽ വൈദ്യുതി ബോർഡ് 456178 നമ്പർ ചെക്കായി നല്കിയിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2006-07 വർഷങ്ങളിലെ ഹാജർ പുസ്തകം

പരിശോധിച്ചതിൽ ശ്രീ. മദനമോഹനൻ 25/09/2006 മുതൽ 17/01/2007 വരെ സെക്രട്ടറിയായി മാങ്കുളം ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തു വന്നിരുന്നതായും പ്രസ്തുത വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് ടിയാന്റെ പേരിൽ വ്യക്തിഗത ബാധ്യതയൊന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ലെന്നും പ്രസ്തുത ജലവൈദ്യുത പദ്ധതി 1998-99 മുതൽ ആരംഭിച്ചതും തുടർന്ന് പോരുന്നതുമായ ഒരു പദ്ധതിയാണെന്നും ശ്രീ. വി. മദനമോഹനൻ സെക്രട്ടറിയായി ടി ഗ്രാമപഞ്ചായത്തിൽ ഏകദേശം 4 മാസക്കാലം വരെ മാത്രമാണ് പ്രവൃത്തിച്ചിരുന്നതെന്നും കെ.എസ്.ഇ.ബി.യിൽനിന്നും തുക കൈപ്പറ്റിയത് പ്രിൻസിപ്പൽ സെക്രട്ടറി (പവർ)യുടെ ചേമ്പറിൽ ചേർന്ന 15/06/2005 ലെ യോഗ തീരുമാന പ്രകാരമാണെന്നും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എല്.എഫ്.ഐ./9/552/10 പ്രകാരം കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. മദനമോഹനൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു 1998-99 വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും നിലവിൽ തുടർന്ന് പോരുന്നതുമായ ഒരു ജലവൈദ്യുത പദ്ധതിയാണിത്. ശ്രീ. മദനമോഹനൻ സെക്രട്ടറി എന്ന നിലയിൽ വളരെ ചുരുങ്ങിയ കാലം മാത്രമാണ് മാങ്കുളം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നത്. ഏകദേശം 18 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളാണ് ഇപ്പോഴും നടന്നു വരുന്നത്. പദ്ധതി കൈമാറിയപ്പോൾ വൈദ്യുതി ബോർഡ് കണക്കാക്കി നല്കിയ മൂല്യ നിർണ്ണയത്തിന്റെ നിജസ്ഥിതി/ കൃത്യത വിലയിരുത്തുന്നതിന് ട്രാൻസ്ഫോർമറും വിതരണ ശൃംഖലയും നിലവിൽ കെ.എസ്.ഇ.ബി.ക്ക് കൈമാറി നിലവിൽ സ്റ്റാൻഡർഡൈസേഷൻ നടത്തിയിട്ടുള്ളതിനാൽ സാധ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ. മദനമോഹനൻ സർക്കാർ തീരുമാനപ്രകാരമാണ് പ്രവൃത്തിച്ചിട്ടുള്ളതെന്നും കേവലം നാലുമാസത്തിൽ താഴെ മാത്രം ടി പഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ടിയാൻ സ്വേച്ഛാപരമായി അഴിമതി നടത്തുക എന്ന ദുരുദ്ദേശത്തോടെ പ്രവൃത്തിച്ചിട്ടില്ലെന്നും കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ മാങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. മദനമോഹനനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം 6 സർക്കാർ കത്തിലെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് കാര്യം പഞ്ചായത്ത് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. വി. മദനമോഹനൻ, മുൻ സെക്രട്ടറി, മാങ്കുളം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (27.09.2017-ലെ 1693664/ഡി4/2017/വിജി. നമ്പർ റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/336/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ